**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4486 — 28.06.2012 -ലെ മറുപടിക്ക്

**അങ്കമാലി നിയോജക മണ്ഡലത്തിലെ കോതായിതോട് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ മഞ്ഞപ്ര റോഡിന്റെ നിർമ്മാണത്തിനനുവദിച്ച 168 ലക്ഷം രൂപയിൽ പ്രസ്തുത റോഡിൽ സ്ഥിതി ചെയ്യുന്ന കോതായിതോട് പാലത്തിന്റെ നിർമ്മാണത്തിനായി നീക്കിവച്ച 68 ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത പ്രവർത്തി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ). | അങ്കമാലി നീയോജക മണ്ഡലത്തിലെ കോതായിത്തോട് പാലത്തിന്റെ നിർമ്മാണത്തിനായി നീക്കി വച്ച 68 ലക്ഷം രൂപ ഉപയോഗിച്ച് പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചു. സ്ഥലം കൈവശം ലഭ്യമായശേഷം പാലത്തിന്റെ നിർമ്മാണ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി). | ആയതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിലെ 14039/ബി.1/പി.ഡബ്ല്യൂ.ഡി./11 & 30807/ബി.1/10/ പി.ഡബ്ല്യൂ.ഡി. നമ്പർ ഫയലുകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി). | 30807/ഡി.1/2010/പൊ.മ.വ. നമ്പർ ഫയലിൽ കോതായിത്തോട് പാലത്തിന് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുകയും വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 28.08.2011-ൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. കോതായിത്തോട് പാലത്തിന് 310 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ 14039/ഡി.1/ 11/ പൊ.മ.വ. നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി). | **പ്രസ്തുത നിർമ്മാണത്തിന്റെ അനുവാദത്തിനായി ധനകാര്യവകുപ്പിനും ചീഫ് ടെക്നിക്കൽ എക്സാമിനർക്കും ഫയലുകൾ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?** | (സി). | 14039/ഡി.1/11/പൊ.മ.വ. നമ്പർ ഫയൽ 09.11.11.-ൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ധനകാര്യ വകുപ്പ് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 22.05.12-ൽ ഫയൽ മടക്കി നൽകുകയുമുണ്ടായി. ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് അയച്ചിരിക്കുകയാണ്. മറുപടി ലഭിക്കാത്തതിനാൽ 07.06.2012-ന് ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ട്. |

Valsala [signature]

**സെക്ഷൻ ഓഫീസർ**